കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻഡോസൾഫാൻ ദുരിത ബാധിതരിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം നൽകുന്നതിനായി 2012-13-ൽ 17.87 കോടി രൂപയും 2013-14-ൽ 33.42 കോടി രൂപയും കാസർഗോഡ് കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതർ ഉൾപ്പെടുന്ന പഞ്ചായത്തുകൾക്ക് ആംബുലൻസ് വാങ്ങുന്നതിന് 71,73,012 രൂപയും അനുവദിച്ചിട്ടുണ്ട്.

കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ

349(1728) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതിവകുപ്പിന് കീഴിൽ കേന്ദ്രസഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത വകുപ്പിൽ ഏതൊക്കെ പദ്ധതികൾക്ക് എത്ര തുക വീതം കേന്ദ്രസഹായം ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) അതിൽ ഓരോ പദ്ധതിക്കും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുക സംബന്ധിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിനുകീഴിൽ കേന്ദ്രസഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സംയോജിത ശിശുവികസന പദ്ധതി.
2. സംയോജിത ശിശുവികസന ട്രെയിനിംഗ് പദ്ധതി.
3. അനുപൂരക പോഷകാഹാര പദ്ധതി.
4. സബല
5. കിശോരി ശക്തി യോജന
6. ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന
7. ബേട്ടി ബചാവോ ബേട്ടി പഠാവോ
8. സംയോജിത ശിശു സംരക്ഷണ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ താഴെപ്പറയുന്ന പദ്ധതികൾക്ക് കേന്ദ്രസർക്കാരിൽനിന്നും ഒറ്റത്തവണ ധനസഹായം ലഭിച്ചിട്ടുണ്ട്:

1. കോക്ലീയർ ഇംപ്ലാന്റേഷൻ പദ്ധതി.

2. സ്നേഹപൂർവ്വം

3. ഡിസെബിലിറ്റി സെൻസസ്

4. സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി

5. 'വൺ സ്റ്റോപ്പ് സെന്റർ' - നിർഭയ പദ്ധതി.

(ബി) ഈ സർക്കാരിന്റെ കാലത്ത് കേന്ദ്രസഹായം ലഭ്യമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. *

(സി) ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുക അനുബന്ധം II ആയി ചേർക്കുന്നു.*

ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള പദ്ധതികൾ

350 (1729) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്; വിശദമാക്കുമോ;

(ബി) ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(സി) ഇതിനായി കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാകുന്നുണ്ടോ;

(ഡി) ഇവർക്ക് നിലവിൽ ജോലി സംവരണം എത്ര ശതമാനമാണുള്ളത്?

ഉത്തരം

(എ) 1995-ലെ ദേശീയ വികലാംഗ നിയമമനുസരിച്ച് ഒരു മെഡിക്കൽ അതോറിറ്റി അംഗീകരിച്ചിട്ടുള്ള 40%-ൽ കുറവല്ലാത്ത Blindness, Low vision, Leprosy cured, Hearing impairment, Locomotor Disability, Mental retardation, Mental illness എന്നീ അംഗവൈകല്യമുള്ളവരെ വികലാംഗർ (Persons with disability) എന്നാണ് നിർവ്വചിച്ചിരിക്കുന്നത്. വികലാംഗർ എന്നതിനുപകരമായി ഭിന്നശേഷിക്കാർ (Differently abled) എന്ന പദം പൊതുവേ ഉപയോഗിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly